# ബഹുമാനപ്പെട്ട KSFE മാനേജിംഗ് ഡയറക്ടർക്ക് തുറന്ന കത്ത്

To

ശ്രീ. എ. പുരുഷോത്തമൻ
മാനേജിംഗ് ഡയറക്ടർ
കെ.എസ്.എഫ്.ഇ. ലിമിറ്റഡ്
തൃശൂർ - 20.

സർ,

**വിഷയം:-** **ട്രേഡ് യൂണിയനുകളെ വിശ്വാസത്തിലെടുക്കാതെയുള്ള പെർഫോമൻസ് ഇൻസെന്റീവ് ഞങ്ങൾ ബഹിഷ്ക്കരിക്കുന്ന വിവരം അറിയിക്കുന്നത് - സംബന്ധിച്ച്.**

**സൂചന:-** **13-08-2018-ന് നടന്ന ബോണസ്/ഇൻസെന്റീവ് ചർച്ച.**

K.S.F.E. ജീവനക്കാർ റഫറണ്ടം മുഖേന അംഗീകരിച്ച ട്രേഡ് യൂണിയനുകളെ അവഹേളിച്ചുകൊണ്ടും ട്രേഡ് യൂണിയൻ പ്രവർത്തനത്തിന് നിയമപരമായ അവകാശം ഇല്ലാത്ത ഒരു കൂട്ടം ഉന്നത ഉദ്യോഗസ്ഥരെ കൂടി ചർച്ചയ്ക്ക് വിളിച്ചിരുത്തിക്കൊണ്ടും, അടിസ്ഥാന വിഭാഗം തൊഴിലാളികളുടെ ന്യായമായ അവകാശത്തെ അട്ടിമറിക്കുകയാണ് മാനേജ്മെന്റ് ചെയ്തത്. പ്രസ്തുത ചർച്ചയിൽ ട്രേഡ് യൂണിയൻ പ്രതിനിധികളുടെ അഭിപ്രായം ശ്രവിക്കാൻ പോലും അധികാരികൾ തയ്യാറായില്ല. മുൻകൂട്ടി തയ്യാറാക്കിയ തിരക്കഥയുടെ അടിസ്ഥാനത്തിൽ, വളരെ ഭംഗിയായി മാനേജ്മെന്റ് സംവിധാനം ചെയ്ത അസംബന്ധ നാടകമായിരുന്നു ഇൻസെന്റീവ് ചർച്ച. ഈ പ്രതിലോമ നയത്തെ സംഘടനാപരമായും നിയമപരമായും നേരിടുമെന്ന് ഞങ്ങൾ അറിയിക്കുന്നു.

രണ്ട് ഓഫീസർ സംഘടനകളും ചെയർമാനും ചേർന്ന് തയ്യാറാക്കിയ കരാറിൽ എം.ഡി.യും മറ്റു ഉന്നത ഉദ്യോഗസ്ഥരും ഒപ്പിടുകയാണുണ്ടായത്. പുതുതായി നിയമിക്കപ്പെട്ട ആയിരത്തിലധികം വരുന്ന വർക്ക്മെൻ ജീവനക്കാരുടെ ഇൻസെന്റീവ് എത്രയായിരിക്കും എന്നതിന് കരാറിൽ ഒരു വ്യക്തതയുമില്ല. ഇൻസെന്റീവിന് ഒരു നിശ്ചിത ശതമാനം നിശ്ചയിയ്ക്കാൻ പോലും കഴിഞ്ഞില്ല. തൊഴിലാളികൾക്ക് കഴിഞ്ഞ വർഷം നൽകിയ അതേ തുക തന്നെ നൽകാനാണെങ്കിൽ, എന്തിനാണ് ട്രേഡ് യൂണിയൻ പ്രവർത്തകരെ വിളിച്ചു വരുത്തി അപമാനിച്ചത്.?

സർക്കാറിന്റെ മാനദണ്ഡമുണ്ടെന്നാണ് ന്യായം! എങ്കിൽ 500-ഓളം വരുന്ന ഉന്നത ഉദ്യോഗസ്ഥർക്ക് (പ്രതിവർഷം 10 ലക്ഷം രൂപയിൽ കൂടുതൽ വരുമാനമുള്ളവർക്ക്) മാത്രമായി 23,000/- രൂപ അധികം നൽകിയത് ഏതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്?

CASBA 'വട്ടം ചുറ്റിച്ചപ്പോഴും' connectivity പ്രശ്നം നേരിട്ടപ്പോഴും പാതിരാത്രി വരെ ഒരു പരാതിയും കൂടാതെ പണിയെടുത്തവരാണ് ഞങ്ങൾ. ചിട്ടി കാമ്പയിനും പ്രവാസി സംഗമവും ഇളവ് പദ്ധതിയും വിജയിപ്പിക്കാൻ മഴയും വെയിലും അവഗണിച്ച് പണിയെടുത്തവരാണ് ഞങ്ങൾ. മാനേജ്മെന്റിന്റെ പിടിപ്പുകേടുമൂലം GST - TDS പ്രശ്നങ്ങളിൽ ഇടപാടുകാരുടെ രോഷത്തിന് വിധേയരായവരും ഞങ്ങളാണ്. Front Office സ്റ്റാഫിന്റെ മുഖത്തെ പുഞ്ചിരിയാണ് സ്ഥാപനത്തിന്റെ ഐശ്വര്യമെന്നാണല്ലോ മാനേജ്മെന്റ് ഭാഷ്യം. കൊടിയ അനീതിയുടെ പ്രതിഷേധം ഉള്ളിൽ പുകയുമ്പോൾ, മുഖത്ത് പുഞ്ചിരിവരുത്താൻ ഞങ്ങൾ നടീനടന്മാരല്ലെന്ന് അങ്ങയെ വിനയപുരസരം ഓർമ്മിപ്പിക്കുന്നു. ഈ പ്രതിഷേധം ഞങ്ങളുടെ മുഖത്ത് പ്രതിഫലിക്കുമെന്നും അറിയിക്കുന്നു. 500-ഓളം വരുന്ന വരേണ്യവർഗത്തെ തൃപ്തിപ്പെടുത്താൻ 6000-ൽ പരം വരുന്ന ഞങ്ങളെ ബലിയാടാക്കിയ അനീതി ഞങ്ങൾ ഒരു കാലത്തും പൊറുക്കില്ല.

കേരളം ഇന്നുവരെ കാണാത്ത പ്രളയ ദുരിതത്തിലൂടെ കടന്നുപോകുകയാണ്. പ്രളയ ദുരിതത്തിലായവരെ സഹായിക്കുകയും അവരോട് ഐക്യദാർഢ്യപ്പെടുകയും ചെയ്യുക എന്ന കർത്തവ്യമാണ് ഇപ്പോൾ നിർവഹിക്കാനുള്ളത്. ഈ പ്രത്യേക സാഹചര്യത്തിൽ ഞങ്ങൾ ഒരു സമരം പ്രഖ്യാപിക്കുന്നില്ല. എന്നാൽ വർക്മെൻ സംഘടനകളുമായി ചർച്ച ചെയ്ത് വ്യക്തമായ വ്യവസ്ഥ ഉണ്ടാക്കാതെയുള്ള ഇൻസെന്റീവ് വിതരണം ഞങ്ങൾ ബഹിഷ്ക്കരിക്കുന്നു.

ഇൻസെന്റീവ് നിങ്ങളുടെ ഔദാര്യമല്ല, ഞങ്ങളുടെ അവകാശമാണ്. എത്രയും വേഗം ട്രേഡ് യൂണിയൻ ചർച്ച വിളിച്ചുചേർത്ത് പെർഫോമൻസ് ഇൻസെന്റീവ് വിഷയത്തിൽ ന്യായമായ കരാർ ഉണ്ടാക്കണമെന്നാവശ്യപ്പെടുന്നു. അല്ലാത്തപക്ഷം തൊഴിലാളികളെ അണിനിരത്തി ശക്തമായ പ്രക്ഷോഭത്തിന് സംഘടന നിർബന്ധിതമാകുമെന്ന് മുന്നറിയിപ്പ് നൽകുന്നു.

വിശ്വാസപൂർവം,

കൊല്ലം, എസ്. മുരളീകൃഷ്ണപിള്ള

17-08-2018. ജനറൽ സെക്രട്ടറി

## അഭ്യർത്ഥന

കേരളം 1924-ന് ശേഷമുള്ള ഏറ്റവും വലിയ പ്രളയദുരിതത്തിലൂടെയാണ് കടന്നുപോകുന്നത്. എല്ലാ അംഗങ്ങളും ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കുചേരുകയും ദുരിതാശ്വാസ ക്യാമ്പുകളിൽ ആവശ്യമായ സഹായ സഹകരണങ്ങൾ നൽകുകയും ചെയ്യണമെന്നഭ്യർത്ഥിക്കുന്നു. ഓണം-ബക്രീദ് ആഘോഷങ്ങളിൽ പരമാവധി നിയന്ത്രണം ഏർപ്പെടുത്തികൊണ്ട്, ഈ ആവശ്യത്തിന് നീക്കിവച്ച തുക ദുരിതാശ്വാസ പ്രവർത്തനത്തിന് സംഭാവന ചെയ്യണമെന്നും അഭ്യർത്ഥിക്കുന്നു.

swabin 9446250251